## കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്

### വിജ്ഞാപനം

നമ്പർ S3-KNRKWD/EA/43/2014. തിരുവനന്തപുരം, 2014 മാർച്ച് 29.

2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതിയിലെ 32-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള പ്രവാസി കേരളീയരുടെ ക്ഷേമബോർഡ്, മേൽപ്പറഞ്ഞ ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതിയിലെ അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി താഴെ പറയുന്ന പദ്ധതി ഉണ്ടാക്കുന്നു :
അതായത് :—

### പദ്ധതി

1. ചുരുക്കപ്പേരും പ്രാബല്യവും.—

(1) ഈ പദ്ധതിക്ക് പ്രവാസി കേരളീയരുടെ ക്ഷേമനിധി അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം (ഗ്രാന്റ്) പദ്ധതി എന്ന് പേർ പറയാം:

(2) ഇത് 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ പദ്ധതിയിൽ സന്ദർഭം മറ്റുപ്രകാരത്തിൽ ആവശ്യപ്പെടാത്തപക്ഷം—

(എ) "ആക്റ്റ് " എന്നാൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009-ലെ 10-ാം ആക്റ്റ്) എന്നർത്ഥമാകുന്നു.

(ബി) "ബോർഡ് " എന്നാൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്നർത്ഥമാകുന്നു.

(സി) "ഫോറം " എന്നാൽ ഈ പദ്ധതിയിൽ അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷാഫാറം എന്നർത്ഥമാകുന്നു.

(ഡി) "അദ്ധ്യയന വർഷം " എന്നാൽ ഒരു അദ്ധ്യയന കോഴ്സ് ആരംഭിക്കുന്നത് മുതലുള്ള പന്ത്രണ്ട് മാസക്കാലയളവ് എന്നർത്ഥമാകുന്നു.

3. ആനുകൂല്യം (ഗ്രാന്റ്) ലഭ്യമാകുന്ന കോഴ്സുകൾ :—(1) പഠനം നടത്തിക്കൊണ്ടിരിക്കുന്ന കോഴ്സുകൾ മാത്രമേ വിദ്യാഭ്യാസ ഗ്രാന്റിനായി പരിഗണിക്കുകയുള്ളൂ. പാർടൈം, വിദൂരം, കറസ്പോണ്ടൻസ് മുതലായ കോഴ്സുകൾ വിദ്യാഭ്യാസ ഗ്രാന്റിന് പരിഗണിക്കുന്നതല്ല.

(2) പഠനം നടത്തിക്കൊണ്ടിരിക്കുന്ന റഗുലർ കോഴ്സിന് അഡ്മിഷൻ ലഭിച്ച തീയതി വച്ച് കണക്കാക്കുമ്പോൾ പ്രവാസി ക്ഷേമനിധി അംഗത്വത്തിന് രണ്ട് വർഷം പൂർത്തിയായിരിക്കണം.

(3) താഴെ പറയുന്ന കോഴ്സുകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം (ഗ്രാന്റ്) ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(എ) കേരള സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ ;

(ബി) കേരള സർക്കാരിന്റെ കീഴിലുള്ള വ്യവസായിക പരിശീലന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഐ. ടി. ഐ. കോഴ്സുകൾ ;

(സി) കേരള സർക്കാർ അംഗീകരിച്ച ത്രിവൽസര ഡിപ്ലോമ കോഴ്സുകൾ ; ജനറൽ നഴ്സിംഗ് കോഴ്സുകൾ.

(4) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ സമയ കോഴ്സുകളിൽ പഠിക്കുന്നവരും ഈ പദ്ധതിയിൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള പഠനനിലവാരം പുലർത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും യോഗ്യതയുടെ (മെരിറ്റ്) അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം (ഗ്രാന്റ്) ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

4. ആനുകൂല്യം (ഗ്രാന്റ്) ലഭിക്കുന്നതിനുള്ള മാനദണ്ഡം :—(1) 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരും രണ്ട് വർഷമെങ്കിലും തുടർച്ചയായി നിധിയിൽ അംശദായം അടച്ചിട്ടുള്ളവരുമായ അംഗങ്ങളുടെ മക്കളിൽ നിന്ന് യോഗ്യതാ പരീക്ഷയിൽ ഉന്നത മാർക്ക് നേടുന്ന കുട്ടികൾക്ക് ഗ്രാന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മേൽപ്പറഞ്ഞ ഗ്രാന്റ് ലഭിക്കുക എന്നത് സ്വമേധയായുള്ള അവകാശമായി കണക്കാക്കാവുന്നതല്ല. ഗ്രാന്റ് അനുവദിക്കാനും കാരണം കൂടാതെ നിരസിക്കാനുമുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. ഈ കാര്യത്തിൽ ബോർഡിന്റെ തീരുമാനം അപ്പീലിന് അർഹത ഇല്ലാത്തതുമാണ്.

(3) മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് കേരള സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ അഡ്മിഷൻ ലഭിച്ചവരെ മാത്രമേ ഗ്രാന്റ് നൽകുന്നതിന് പരിഗണിക്കുകയുള്ളൂ.

(4) പരീക്ഷാഫലം മാർക്ക് രേഖപ്പെടുത്താതെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രസിദ്ധീകരിക്കുന്ന കോഴ്സുകൾക്ക് ഒരേ ഗ്രേഡിലുള്ളവരുടെ അപേക്ഷകൾ അതത് കോഴ്സിന് ഗ്രാന്റ് നൽകാൻ നിശ്ചയിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി അപേക്ഷകൾ തീർപ്പാക്കുന്നതാണ്.

(5) പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കോഴ്സുകൾക്ക് ഉപരിയായി ഏതെങ്കിലും കോഴ്സുകൾക്ക് അപേക്ഷ ലഭിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് അതിനനുസൃതമായ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പഠന കോഴ്സിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(6) വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുള്ള ഒന്നിൽ കൂടുതൽ മക്കൾ ഉണ്ടായിരുന്നാലും ടി വിദ്യാഭ്യാസ ഗ്രാന്റ് ഒരംഗത്തിന് അംഗത്വ കാലയളവിൽ ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ. അംഗത്വം നേടി 2 വർഷത്തിനുശേഷം ചേരുന്ന കോഴ്സുകൾക്കുമാത്രമേ, അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

(7) വിദ്യാഭ്യാസ ഗ്രാന്റിനുവേണ്ടി കൂടുതൽ അപേക്ഷകൾ ലഭിക്കുന്നപക്ഷം അർഹമായവ തിരഞ്ഞെടുക്കുന്നതിന് ഓരോ കോഴ്സിനും ജില്ലയ്ക്കും താഴെ പറയുന്ന മാനദണ്ഡങ്ങൾ മുൻഗണനാക്രമത്തിൽ പാലിക്കുന്നതാണ്.

(എ) പഠനം നടത്തിക്കൊണ്ടിരിക്കുന്ന കോഴ്സിന് പ്രവേശനം ലഭ്യമാക്കുന്നതിന് ആവശ്യമായ മിനിമം യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക്.

(ബി) പ്രവാസി വെൽഫെയർ ഫണ്ടിൽ നിന്നും ലഭിച്ച അംഗത്വ സീനിയോരിറ്റി.

(സി) ബോർഡിൽ നിന്നും ഏതൊരു ആനുകൂല്യവും ലഭിക്കാത്ത അംഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ മക്കൾ.

(ഡി) ബോർഡിന്റെ തീരുമാനം.

(8) ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന റഗുലർ കോഴ്സുകൾക്ക് മാത്രമേ വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുകയുള്ളൂ. പഠനം പൂർത്തീകരിച്ചതോ അല്ലെങ്കിൽ പഠനത്തിന് അഡ്മിഷൻ ലഭിക്കാത്തതോ ആയ കോഴ്സുകൾ പരിഗണിക്കുന്നതല്ല.

5. ഗ്രാന്റ് തുക :—ഓരോ കോഴ്സുകൾക്കുമുള്ള പ്രതിവർഷ ഗ്രാന്റ് തുക ചുവടെ ചേർക്കുന്നു :

(1) അണ്ടർ ഗ്രാജുവേറ്റ്, പ്രൊഫഷണൽ കോഴ്സുകൾ

| | |
|---|---|
| (എ) ടി. ടി. സി.<br>(ബി) ഐ. ടി. ഐ.<br>(സി) ഐ. ടി. സി. | ₹ 1,500 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1000 അംഗത്വത്തിന് 1 എന്ന കണക്കിൽ

(2) പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ

| | |
|---|---|
| (എ) പോളിടെക്നിക്<br>(ബി) ജനറൽ നഴ്സിംഗ് | ₹ 1,500 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1000 അംഗത്വത്തിന് 1 എന്ന കണക്കിൽ

(3) അണ്ടർ ഗ്രാജുവേറ്റ്: നോൺ പ്രൊഫഷണൽ കോഴ്സുകൾ

| | |
|---|---|
| (എ) ബി. എ.<br>(ബി) ബി. കോം.<br>(സി) ബി. എസ്.സി.<br>(ഡി) അംഗീകൃത സർവ്വകലാശാലകളിലെ മറ്റ് ഡിഗ്രി കോഴ്സുകൾ | ₹ 1,500 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1000-ന് 1 എന്ന കണക്കിൽ

| | |
|---|---|
| (എ) പി. ജി. ഡി. സി. എ.<br>(ബി) എം. എൽ. റ്റി. | ₹ 1,500 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1000-ന് 1 എന്ന കണക്കിൽ

(4) പോസ്റ്റ് ഗ്രാജുവേറ്റ്: നോൺ പ്രൊഫഷണൽ കോഴ്സുകൾ

| | |
|---|---|
| (എ) എം. എ.<br>(ബി) എം. എസ്.സി.<br>(സി) എം. കോം.<br>(ഡി) അംഗീകൃത സർവ്വകലാശാലകളിലെ മറ്റ് മാസ്റ്റർ കോഴ്സുകൾ | ₹ 2,000 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 2000 അംഗത്വത്തിന് 1 എന്ന കണക്കിൽ

(5) പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ

| | |
|---|---|
| (എ) ബി. എഡ്.<br>(ബി) ബി. പി. ഇ.<br>(സി) എൽ. എൽ. ബി.<br>(ഡി) ബി. എൽ. ഐ. എസ്. സി.<br>(ഇ) ബി. എസ്. സി. നഴ്സിംഗ്<br>(എഫ്) ബി. എഫ്. എസ്. സി.<br>(ജി) ബി. ബി. എസ്.<br>(എച്ച്) ബി. സി. എ.<br>(ഐ) ബി. ബി. എ.<br>(ജെ) ബി. ബി. എം.<br>(കെ) ബി. പി. റ്റി. | ₹ 2,000 |

| | |
|---|---|
| (എൽ) ബി. ടെക്.<br>(എം) എം. ബി. ബി. എസ്.<br>(എൻ) ബി. ഡി. എസ്.<br>(ഒ) ബി. എച്ച്. എം. എസ്.<br>(പി) ബി. എ. എം. എസ്.<br>(ക്യൂ) ബി. എസ്. സി. അഗ്രി.<br>(ആർ) ബി. വി. എസ്. സി. | ₹ 3,000 |

(എസ്) ബി. ഫാം.

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 2000 അംഗത്വത്തിന് 1 എന്ന കണക്കിൽ

(6) പ്രൊഫഷണൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ

| | |
|---|---|
| (എ) എം. എസ്. ഡബ്ല്യൂ.<br>(ബി) എം. ബി. എ.<br>(സി) എം. ജെ./എം. എസ്. ജെ./എം. ജെ. സി.<br>(ഡി) എം. ബി. എഫ്.<br>(ഇ) എം. ഫിൽ.<br>(എഫ്) എം. എഡ്.<br>(ജി) എം. പി. എച്ച്.<br>(എച്ച്) എം. എച്ച്. എ.<br>(ഐ) എം. പി. ഇ.<br>(ജെ) എം. എം. എസ്. സി.<br>(കെ) എം. ഇ. എം.<br>(എൽ) എം. ഫാം./എം. പി. റ്റി./എം. എസ്. സി. നഴ്സിംഗ്<br>(എം) എം. റ്റി. ആർക്ക്.<br>(എൻ) എം. പി. സയൻസ്<br>(ഒ) എം. സി. എ. | ₹ 3,000 |

(പി) എൽ. എൽ. എം.

| | |
|---|---|
| (ക്യു) മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(ആർ) എഞ്ചിനീയറിംഗ് പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(എസ്) അഗ്രികൾച്ചറൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(റ്റി) വെറ്ററിനറി പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(യു) ഹോമിയോപ്പതി പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(വി) ആയുർവ്വേദിക് പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ<br>(ഡബ്ല്യു) സി. എ./ഐ. സി. ഡബ്ല്യൂ. എ./ ഐ. സി. എസ്. | ₹ 4,000 |

ഓരോ ജില്ലയിലെയും അംഗങ്ങളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 3000 അംഗത്വത്തിന് 1 എന്ന കണക്കിൽ

(6) അപേക്ഷിക്കേണ്ട വിധം :

(1) ഗ്രാന്റിനുള്ള അപേക്ഷകൾ എല്ലാ വർഷവും ഡിസംബർ മാസം 31-നകം ഈ പദ്ധതിയോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ബോർഡിന്റെ മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയാലും മതിയാവുന്നതാണ്.

(2) പദ്ധതിയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് ഗ്രാന്റ് അനുവദിക്കുന്നത്.

(3) ന്യൂനതകൾ ഉള്ളതും നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഈ പദ്ധതിയിൽ കാലാകാലങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2009 ഫെബ്രുവരി 27-ാം തീയതിയിലെ സ. ഉ. (എംഎസ്.) നമ്പർ 62/2009/നോർക്ക എന്ന നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതി 194-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 194/2009 ആയി പ്രസിദ്ധീകരിച്ചതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയുടെ 32-ാം ഖണ്ഡിക പ്രകാരം കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിന് രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അതിലെ കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം, ക്ലാസ്, കോഴ്സ്, ഗ്രാന്റ് തുക ആവിഷ്ക്കരിച്ച് ബോർഡിന് നടപ്പാക്കാവുന്നതാണ്. ബോർഡ് ഇതിലേക്കായി ആവിഷ്ക്കരിച്ച പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതി ഒരു വിജ്ഞാപനമായി പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.